**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 627 — 29.10.2019-ലെ മറുപടിയ്ക്ക്

## സ്റ്റേഡിയങ്ങളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്റ്റേഡിയങ്ങളുടെ നിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുകയും പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ; | (എ) & (ബി) | ഗ്രാമപഞ്ചായത്തുകൾ, സർക്കാർ സ്കൂളുകൾ എന്നിവയുടെ അധീനതയിലുള്ള കളിക്കളങ്ങൾ ഉൾപ്പെടെയുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണ/നവീകരണ പ്രവൃത്തികളുടെയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതു കൂടാതെ കിഫ്ബി സഹായത്തോടെ നവീകരിക്കുന്ന/ നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളുടെ വിശദാംശം അനുബന്ധം-2 ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | ഗ്രാമീണ മേഖലയിൽ ഗ്രാമപഞ്ചായത്തുകൾ, സർക്കാർ സ്കൂളുകൾ എന്നിവയുടെ അധീനതയിലുള്ള കളിക്കളങ്ങൾ നവീകരിക്കുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് എത്ര തുകയെന്ന് അറിയിക്കാമോ; | | |
| (സി) | മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം നവീകരണത്തിന് തുക വകയിരുത്തണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനുവേണ്ടി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ? | (സി) | മലപ്പുറം ജില്ലയിൽ മുതുവല്ലൂർ ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം നവീകരണം സംബന്ധിച്ച് നിലവിൽ പ്രൊപ്പോസലുകൾ ഒന്നും തന്നെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം - 1

കായിക യുവജനകാര്യാലയംബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടത്തിവരുന്ന പ്രവൃത്തികൾ

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക | ചെലവഴിച്ച തുക. |
|---|---|---|---|
| 1 | മഞ്ചേരി സ്റ്റേഡിയം | 76,29,864/ | 48,24,461/ |
| 2 | കണ്ണമ്പ്ര പഞ്ചായത്ത് ഗ്രൗണ്ട് & കോട്ടായി ഹയർ സെക്കന്ററി സ്കൂൾ | 10,00,00,000/ | 2,81,53,923/ |
| 3 | ജി.എച്ച്.എസ്.എസ് കുന്നംകുളം, തൃശ്ശൂർ | 5,09,80,000/ | 2,71,61,491/ |
| 4 | ആർ.എസ്.ആർ.വി. എച്ച്.എസ്.എസ് ഗ്രൗണ്ട് വേലൂർ, തൃശ്ശൂർ | 1,00,00,000/ | 0 |
| 5 | തിരുവൻവണ്ടൂർ ജി.എച്ച്.എസ്.എസ്, ചെങ്ങന്നൂർ | 50,00,000/ | 6,73,961/ |
| 6 | ജി.എച്ച്.എസ്.എസ് കൊട്ടാരക്കര | 1,00,00,000/ | 20,59,766/ |
| 7 | മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം നവീകരണ പ്രവൃത്തികൾ | 1,54,10,000/ | 79,19,570/ |
| 8 | ഹോക്കി സ്റ്റേഡിയം, കൊല്ലം | 1,75,00,000/ | 1,00,94,084/ |
| 9 | എൽ.ബി.എസ് സ്റ്റേഡിയം, കൊല്ലം | 36,00,000/ | 3,39,920/ |
| 10 | ഷൂട്ടിംഗ് റേഞ്ച്, വട്ടിയൂർക്കാവ് | 1,96,00,000/ | 61,79,673/ |
| 11 | ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ | 9,83,60,000/ | 5,45,36,039/ |
| 12 | ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 2,02,78,000/ | 83,39,536/ |
| 13 | പിരപ്പൻകോട് സ്വിമ്മിംഗ് പൂൾ | 75,00,000/ | 12,82,386/ |
| 14 | അക്വാട്ടിക് കോംപ്ലക്സ്, തൃശ്ശൂർ | 7,35,30,000/ | 4,24,98,219/ |
| 15 | രാജാ കേശവദാസ് നീന്തൽക്കുളം | 1,87,00,000/ | 1,21,15,462/ |
| 16 | കുന്നംകുളം ഫുട്ബോൾ സ്റ്റേഡിയം, തൃശ്ശൂർ | 50,00,000/ | 0 |
| 17 | പി.റ്റി. ഉഷ കോച്ചിംഗ് സെന്റർ, തിരുവനന്തപുരം | 2,04,00,000/ | 0 |

അനുബന്ധം – 2

# കിഫ്ബി സഹായത്തോടെ നവീകരിക്കുന്ന / നിർമ്മിക്കുന്ന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടിയിൽ) | പ്രവൃത്തികളുടെ നിലവിലെ സ്ഥിതി (22.10.2019 വരെ) |
|---|---|---|---|
| (എ). നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച പദ്ധതികൾ (19 എണ്ണം) | | | |
| പഞ്ചായത്ത് കളി സ്ഥലം - ബഡ്ജറ്റ് 2016-17 (16 എണ്ണം) | | | |
| 1 | നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം | 20.76 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 70% പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | വയനാട് ജില്ലാ സ്റ്റേഡിയം (ജിനചന്ദ്ര സ്റ്റേഡിയം) | 18.73 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 70% പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | എടപ്പാൾ ഗവ. എച്ച്.എസ്സ്.എസ്സ്, മലപ്പുറം | 15.69 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 70% പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | തിരുമിറ്റക്കോട് ചാത്തന്നൂർ എച്.എസ്.എസ്. | | സിവിൽ നിർമ്മാണ പ്രവൃത്തികൾ 80% പൂർത്തീകരിച്ചിട്ടുണ്ട്. |
| 5 | കൊടുമൺ സ്റ്റേഡിയം | 15.86 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 75% പൂർത്തീകരിച്ചിട്ടുണ്ട്. |
| 6 | ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം | 5 | സിവിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| 7 | കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം | 5 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 75% പൂർത്തീകരിച്ചിട്ടുണ്ട്. |
| 8 | നിലമ്പൂർ മിനി സ്റ്റേഡിയം | 17.26 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 20% പൂർത്തീകരിച്ചിട്ടുണ്ട്. |
| 9 | പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം | രണ്ട് പദ്ധതികൾക്കായി 14.17 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 60% പൂർത്തീകരിച്ചിട്ടുണ്ട്. |
| 10 | തലശ്ശേരി വി.ആർ. കൃഷ്ണയ്യർ സ്റ്റേഡിയം | 13.20 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 55% പൂർത്തീകരിച്ചിട്ടുണ്ട്. |
| 11 | ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം | 5 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 19% പൂർത്തീകരിച്ചിട്ടുണ്ട്. |
| 12 | ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്. | 14.35 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 16% പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| 13 | ഐയ്മനം പഞ്ചായത്ത് സ്റ്റേഡിയം | 11.54 രണ്ട് പദ്ധതികൾക്കായി | സിവിൽ നിർമ്മാണ പ്രവൃത്തികൾ 15% പൂർത്തീകരിച്ചിട്ടുണ്ട്. |
| 14 | മട്ടന്നൂർ സ്റ്റേഡിയം | 5 | സിവിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| 15 | നെടുങ്കണ്ടം സ്റ്റേഡിയം | 5 | സിവിൽ നിർമ്മാണ പ്രാഥമിക പ്രവൃത്തികൾ നടന്നു വരുന്നു. |
| 16 | നടുവണ്ണൂർ വോളീബോൾ അക്കാദമി | 10.63 | സിവിൽ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. |
| ബജറ്റ് 2017-18 ലെ പദ്ധതികൾ (3 എണ്ണം) | | | |
| 17 | പറളി സ്കൂൾ, പാലക്കാട് | 10 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 15% പൂർത്തീകരിച്ചിട്ടുണ്ട്. |
| 18 | പുനലൂർ മുനിസിപ്പൽ സ്റ്റേഡിയം | 10 | സിവിൽ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. |
| 19 | മേപ്പയ്യൂർ സ്കൂൾ, കോഴിക്കോട് | 10 | സിവിൽ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. |

## (ബി). ടെണ്ടർ നടപടികൾ പൂർത്തിയായതിൽ പ്രവൃത്തി ആരംഭിക്കാനുള്ളവ (2 എണ്ണം)

| | | | |
|---|---|---|---|
| പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം - ബഡ്ജറ്റ് 2016-17 (2 എണ്ണം) | | | |
| 1 | താനൂർ സ്റ്റേഡിയം | 19.14 | പദ്ധതി പ്രദേശത്തുള്ള മരങ്ങൾ മുറിച്ച് മാറ്റേണ്ടതുണ്ട്. പ്രസ്തുത പ്രവൃത്തിക്കുള്ള അപേക്ഷ നൽകിയിട്ടുണ്ട്. |
| 2 | പുല്ലൂരാംപാറ തിരുവമ്പാടി | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന സേക്രട്ട് ഹാർട്ട് ഹയർ സെക്കന്ററി സ്കൂൾ പ്രളയബാധിത പ്രദേശത്തായതിനാൽ മുക്കം നഗരസഭയിലെ മാമ്പറ്റ മുനിസിപ്പൽ സ്റ്റേഡിയത്തിലേക്ക് പദ്ധതി മാറ്റി സ്ഥാപിക്കുന്നത് പരിഗണനയിലാണ്. |

## (സി) ടെണ്ടറിംഗ് /റീ ടെണ്ടറിംഗ് നടപടിക്രമങ്ങൾ നടന്നു വരുന്ന പദ്ധതികൾ (1 എണ്ണം)

| | | | |
|---|---|---|---|
| പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം ബഡ്ജറ്റ് 2016-17 (1 എണ്ണം) | | | |
| 1 | ജി.വി. രാജ സെന്റർ ഫോർ എക്സലൻസ് | 30 | ടെണ്ടർ നടപടികൾ പൂർത്തിയായി. സാങ്കേതിക പരിശോധന നടന്നു വരുന്നു. |

| | | | |
|---|---|---|---|
| **(ഡി) സാങ്കേതിക അനുമതി ലഭിക്കാനുള്ള പദ്ധതികൾ (8 എണ്ണം)** | | | |
| **പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം - ബഡ്ജറ്റ് 2016-17 (3 എണ്ണം)** | | | |
| 1 | പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ട് അരൂർ | 16.83 | പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുണ്ട്. |
| 2 | പടിയൂർ ഇൻഡോർ സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുണ്ട്. |
| 3 | മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി കോളേജ് | 10 | സാങ്കേതിക അനുമതി ലഭിക്കേണ്ടതുണ്ട്. |
| **ബജറ്റ് 2017-18 ലെ പദ്ധതികൾ (5 എണ്ണം)** | | | |
| 4 | വടകര ഇൻഡോർ സ്റ്റേഡിയം. കോഴിക്കോട് | 10 | പദ്ധതി റീടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| 5 | ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം | 10 | |
| 6 | പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, കണ്ണൂർ | 10 | പദ്ധതി റീടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| 7 | പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം | 10 | |
| 8 | ഫാറൂഖ് ഗണപതി സ്കൂൾ, കോഴിക്കോട് | 10 | സാങ്കേതിക അനുമതി ലഭിക്കേണ്ടതുണ്ട് |
| **(ഇ) കിഫ്ബിയുടെ പരിഗണനയിലിരിക്കുന്ന പദ്ധതികൾ(3 എണ്ണം)** | | | |
| **പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം (3 എണ്ണം)** | | | |
| 1 | പൊന്നാനി നിളാതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ് | 12.77 | തീരദേശ റെഗുലേറ്ററി അതോറിറ്റിയുടെ അനുമതി തത്വത്തിൽ ലഭിച്ചിട്ടുണ്ട്. ഔദ്യോഗിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. |
| 2 | അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് ഗ്രൗണ്ട് | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| 3 | കോതമംഗലം ചേലാട് സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| **(എഫ്) പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുവാനുള്ള പദ്ധതികൾ (3 എണ്ണം)** | | | |
| **പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം (3 എണ്ണം)** | | | |

| | | | |
|---|---|---|---|
| 1 | പാലക്കാട് ഇൻഡോർ സ്റ്റേഡിയം | 5 | പദ്ധതിയ്ക്കായുള്ള റിപ്പോർട്ട് തയ്യാറാക്കി വരുകയാണ്. |
| 2 | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം | 11.54 രണ്ട് പദ്ധതികൾക്കായി | പദ്ധതിക്കായുള്ള പുതുക്കിയ ഡി.പി.ആർ തയ്യാറാക്കി വരുകയാണ്. |
| 3 | ആലപ്പുഴ റോവിംഗ് ട്രാക്ക് | 10 | സ്ഥലം ഏറ്റെടുക്കുന്നതിന് പ്രത്യേക ഭരണാനുമതി ആവശ്യമായതിനാൽ ആയതിലേക്കുള്ള അപേക്ഷ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| **(ജി) വിവിധ കാരണങ്ങളാൽ ഉപേക്ഷിച്ച പദ്ധതികൾ (7 എണ്ണം)** | | | |
| പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം - ബഡ്ജറ്റ് 2016-17 (6 എണ്ണം) | | | |
| 1 | അടൂർ മുനിസിപ്പൽ സ്റ്റേഡിയം | 13.32 | മുനിസിപ്പാലിറ്റിയുടെ സ്ഥലം ഏറ്റെടുത്ത് നൽകാൻ കഴിയാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. |
| 2 | എളങ്കുന്നപ്പുഴ സാന്താക്രൂസ്സ് ഗ്രൗണ്ട്. | 5 | പഞ്ചായത്ത് നാളിതുവരെ ധാരണാ പത്രത്തിൽ ഒപ്പു വച്ചിട്ടില്ല. സ്ഥലത്തിന്റെ കൈവശാവകാശത്തെക്കുറിച്ചുള്ള തർക്കം നിലനിൽക്കുന്നു. |
| 3 | കൊറ്റൻകര മിനി സ്റ്റേഡിയം | - | പദ്ധതിക്കനുയോജ്യമായ സ്ഥലം ലഭ്യമായില്ല |
| 4 | കണ്ണൂർ ജവഹർ സ്റ്റേഡിയം | 11.10 | കായിക വകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിന് കോർപ്പറേഷൻ തയ്യാറാകാത്തതിനാൽ പദ്ധതിക്ക് വകയിരുത്തിയ തുക ഉപയോഗിച്ച് മയ്യിൽ, ചെറുകുന്ന് എന്നീ സ്ഥലങ്ങളിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നത് പരിഗണനയിലാണ്. |
| 5 | തിരൂർ ഫുട്ബോൾ സ്റ്റേഡിയം, മലപ്പുറം | 10 | നഗരസഭ കായിക വകുപ്പുമായി ധാരണാ പത്രത്തിൽ ഏർപ്പെടാത്ത സാഹചര്യത്തിൽ മറ്റൊരു സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലാണ്. |
| 6 | ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയം രണ്ടാം ഘട്ടം | 14.17 രണ്ട് പദ്ധതികൾക്കായി | കായിക വകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിന് കോർപ്പറേഷൻ തയ്യാറാകാത്തതിനാൽ പദ്ധതിക്ക് വകയിരുത്തിയ തുക ഉപയോഗിച്ച് പറവൂരിൽ സ്റ്റേഡിയം നിർമ്മിക്കുന്നത് പരിഗണനയിലാണ് |
| ബജറ്റ് 2017-18 ലെ പദ്ധതികൾ (1 എണ്ണം) | | | |
| 7 | തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ് | 20 | നിലവിലെ കെട്ടിടം ശോചനീയാവസ്ഥയിലായതിനാൽ പ്രസ്തുത കെട്ടിടത്തോടനുബന്ധിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ സാധ്യമല്ല എന്ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |